# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 698** **04.2.2020 -ൽ മറുപടിയ്ക്ക്**

## കാസർകോട് ജില്ലയിലെ ടൂറിസം പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം. സി. കമറുദ്ദീൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാസർകോട് ജില്ലയിൽ ടൂറിസം വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ; | എ) | 1) ആയാംകടവ് പുഴയോര പദ്ധതി<br>2) ചെമ്പരിക്ക ബീച്ച് വികസന പദ്ധതി |
| ബി) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള മോഡൽ ടൂറിസം പദ്ധതി സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | ബി) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള മോഡൽ ടൂറിസം പദ്ധതി കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 2.74 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത മണ്ഡലത്തിലെ നിരവധി ആളുകളെ ആകർഷിക്കുന്നതും ടൂറിസത്തിന് അനുയോജ്യവുമായ പൊസടി ഗുംപെ ഹിൽ സ്റ്റേഷൻ, കിദ്ദൂർ പക്ഷി സങ്കേതം, ആരിക്കാടി കോട്ട എന്നീ സ്ഥലങ്ങൾ ബന്ധപ്പെട്ടുത്തി പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | പൊസടിഗുംപെ ഹിൽ സ്റ്റേഷൻ , ആരിക്കാടി കോട്ട എന്നീ സ്ഥലങ്ങൾ ബന്ധപ്പെട്ടുത്തി പദ്ധതികൾ ആസൂത്രണം ചെയ്തു വരുകയാണ് . ഇതിനായി സർക്കാർ ഭൂമിയുടെ ലഭ്യത പരിശോധിച്ചു വരുകയാണ്.<br>കിദ്ദൂർ പക്ഷി സങ്കേതം കുമ്പള മോഡൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് വികസന പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ